**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലയിലെ നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എല്ലാ വർഷവും നിക്ഷേപ സമാഹരണ യജ്ഞം നടത്തുകയും അതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു.<br><br>1. നിക്ഷേപ സമാഹരണ യജ്ഞത്തിന് മുന്നോടിയായി അംഗങ്ങളിൽ നിന്നും നിക്ഷേപം ആകർഷിക്കുന്നതിനായി സഹകരണ സംഘങ്ങളിലെയും കേരളാ ബാങ്കിലെയും നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നു.<br>2. നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങളും പ്രധാന ജംഗ്ഷനുകളിലും ടൗണുകളിലും ബാനറുകൾ, പോസ്റ്ററുകളും പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും പരസ്യ ബോർഡുകളും ഹോർഡിംഗുകളും സ്ഥാപിക്കുകയും ചെയ്യുന്നു.<br>3. സഹകരണ സംഘം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർ ഭവന സന്ദർശനങ്ങൾ നടത്തുകയും കേരള വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു.<br>4. പത്ര മാധ്യമങ്ങളിൽ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകുകയും സംഘങ്ങൾ അവയുടെ പ്രവർത്തന പരിധിയിൽ മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ചെയ്യുന്നു.<br>5. നിക്ഷേപ സമാഹരണ യജ്ഞത്തിന് സംസ്ഥാന വ്യാപകമായി പ്രചാരണം നൽകുന്നതിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്ഥമായി 2024 വർഷം എഫ്.എം റേഡിയോ ചാനലുകൾ, ടി.വി |

| | | | |
|---|---|---|---|
| | | | വാർത്താ ചാനലുകൾ, ലോക്കൽ കേബിൾ ചാനലുകൾ, കെ.എസ്.ആർ.റ്റി.സി ബസുകൾ, സിനിമാ തീയ്യറ്ററുകൾ, പത്രം, സഹകരണ വീഥി മാഗസിൻ, ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയവ മുഖേന നിക്ഷേപ സമാഹരണ യജ്ഞത്തിന് വ്യാപകമായ പ്രചാരണം നടത്തുന്നുണ്ട്.<br><br>കൂടാതെ നിക്ഷേപങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആരംഭിച്ച സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതിയെപ്പറ്റി നിക്ഷേപകരിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രചരണ പരിപാടികളും നടത്തിവരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് എത്ര സംഘങ്ങൾക്കെതിരെ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് സാമ്പത്തിക ക്രമക്കേടുകൾ നടത്തിയ 281 സംഘങ്ങൾക്കെതിരെ കേരള സഹകരണ നിയമം, വകുപ്പ് 65, 66, 68 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്നത് ഉറപ്പുവരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | i) 1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിനായി സഹകരണ വകുപ്പിന്റെ കീഴിൽ ആരംഭിച്ച പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലൈമായിട്ടാണ് തുക നൽകുന്നത്. ടി പദ്ധതി പ്രകാരം നിക്ഷേപകർക്ക് നൽകിവന്ന തുകയുടെ പരിധി രണ്ട് ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>ii) കൂടാതെ നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ അംഗമായ ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്ന സാഹചര്യത്തിൽ, സംഘത്തിന്റെ അപേക്ഷ, തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത് ബോർഡിന് സമർപ്പിക്കുന്നമുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്നു. ഈ ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018 - ന്റെ സ്കീമിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ റെഗുലേഷനിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതികളുടെ അടിസ്ഥാനത്തിൽ, അംഗീകരിച്ച വ്യവസ്ഥകൾക്ക് വിധേയമായി അർഹരായ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>iii) പ്രവർത്തന വൈകല്യം മൂലം പ്രവർത്തനം നിലയ്ക്കുന്ന സംഘങ്ങളെ സഹകരണ പുനരുദ്ധാരണ ഫണ്ട് ഉപയോഗപ്പെടുത്തി പുനരുദ്ധരിക്കുന്നതിലൂടെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുന്നതിന് വഴിയൊരുങ്ങുന്നതാണ്. |
| (ഡി) | മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | മൾട്ടിസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002, വകുപ്പ് 108(1)(ii) ന്റെ അടിസ്ഥാനത്തിൽ മൾട്ടിസ്റ്റേറ്റ് സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ടി സംഘങ്ങളിലെ അക്കൗണ്ടുബുക്കുകൾ സംബന്ധിച്ചും പരിശോധന നടത്തുന്നതിന് സംസ്ഥാന സഹകരണസംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് സഹകരണസംഘം രജിസ്ട്രാറിന് ലഭിക്കുന്ന പരാതികൾ പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് സെൻട്രൽ രജിസ്ട്രാറിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ